# ആത്മഫലം കായ്ക്കുക

## ലൂക്കോസ് 13:9

"മേലാൽ കായിച്ചെങ്കിലോ – ഇല്ലെങ്കിൽ വെട്ടിക്കളയാം."

ഏവർക്കും സുപരിചിതമായ ഒരു ഉപമഭാഗമാണ് ഈ അദ്ധ്യായത്തിലെ 6 മുതലുള്ള വാക്യങ്ങൾ. തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന ഒരു അത്തിവൃക്ഷത്തിൽ ഫലം തിരഞ്ഞു വരുന്ന യജമാനനും, അദ്ദേഹത്തോട് കാര്യങ്ങൾ വിശദമാക്കുന്ന തോട്ടക്കാരനെയുമാണ് നാം ഈ ഉപമയിൽ കാണുന്നത്. ഈ ഉപമയിൽ വളരെ പ്രസക്തമായ ഒരു വാക്ക് നമുക്ക് കാണുവാൻ കഴിയും, അത് തോട്ടക്കാരൻ തന്റെ യജമാനനോട് മറുപടി പറയുമ്പോൾ ഉപയോഗിക്കുന്ന 'മേലാൽ' എന്ന പദമാണ്. ഇവിടെ മേലാൽ കായ്ക്കുമെന്നോ, കായ്ക്കുകയില്ല എന്നോ പറയുന്നില്ല. മറിച്ച് കായിച്ചെങ്കിലോ എന്ന പദപ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. മേലാൽ എന്ന പദം ഒരു അനിശ്ചിതത്വം കാണിക്കുന്നതിനും, എന്നാൽ അതേസമയം ഒരു കാര്യത്തിന്റെ ഭാവിയിലുള്ള ഉറപ്പിനെ എടുത്തു കാണിക്കുവാനും ഉപയോഗിക്കുന്നു. ഇവിടെ ഈ അത്തിവൃക്ഷത്തെ സംബന്ധിച്ചിടത്തോളം 'മേലാൽ' എന്ന പദപ്രയോഗം വളരെ നിർണ്ണായകമാണ്, കാരണം മേലാൽ കായിച്ചില്ലെങ്കിൽ വെട്ടിക്കളയും എന്നത് തീർച്ചയാണ്.

ഈ ഉപമയിൽ 'മേലാൽ' എന്ന പദപ്രയോഗത്തിനു ഒത്തിരി പ്രത്യേകതകളുണ്ട്. അതിലൊന്നാണ് ആ അത്തിവൃക്ഷത്തോടുള്ള തോട്ടക്കാരന്റെ ആഴമായ സ്നേഹം, ദയ, ദീർഘക്ഷമ, പരിപാലനം; ഇവയൊക്കെ പ്രകടമാക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ പ്രവൃത്തി. അതേ, തോട്ടക്കാരൻ യജമാനനോടു പറയുന്നതു ഒന്നു ശ്രദ്ധിച്ചേ, 'കർത്താവേ, ഞാൻ അതിനു ചുറ്റും കിളെച്ചു വളം ഇടുവോളം ഈ ആണ്ടുകൂടെ നിൽക്കട്ടെ.' പ്രിയമുള്ളവരേ, ഇവിടെ നമ്മുടെ ജീവിതത്തിന്റെ അവസ്ഥയെ കർത്താവ് ഉപമയിലൂടെ വരച്ചു കാട്ടുകയാണ്. പുറമ്പോക്കിൽ നിന്നിരുന്ന വെറും പാഴ്വൃക്ഷങ്ങളായിരുന്ന എന്നെയും നിങ്ങളെയും ദൈവത്തിന്റെ തോട്ടത്തോടു ചേർത്തു നിർത്തിയത്, അതിനു തക്ക ഫലം കായ്ക്കുന്നതിന്നു വേണ്ടിയാണ്. അതിനുള്ള എല്ലാ സാഹചര്യങ്ങളും നമ്മുടെ ജീവിതത്തിൽ ദൈവം ഒരുക്കിത്തന്നു. നമ്മുടെ ജീവിതത്തിന്റെ കറകളെ സ്വന്തപുത്രന്റെ രക്തത്താൽ കഴുകി വെടിപ്പാക്കി, ക്രിസ്തുവാകുന്ന നല്ല നിലത്തേക്ക് നമ്മെ പറിച്ചു നട്ടു, വചനമെന്ന വളം നമ്മുടെ ചുവട്ടിൽ അനുനിമിഷം ഇട്ടു തന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അനേക വർഷങ്ങളായി, നല്ല ഫലം തിരെഞ്ഞു വരുന്ന പിതാവ് അതിന്നു തക്ക ഫലം നമ്മിൽ കാണാതെ വരുമ്പോൾ അതിനെ വെട്ടിക്കളയാൻ പല ആവർത്തി കർത്താവിനോടു കൽപ്പിച്ചു കാണും. അവിടെയാണ് തോട്ടകാരനു വൃക്ഷത്തിന്മേൽ കണ്ട

സ്നേഹം, ദയ, ദീർഘക്ഷമ, പരിപാലനം ഇവയൊക്കെ കർത്താവിൽ നമ്മോട് പ്രകടമാക്കപ്പെടുന്നത്. താൻ നിരന്തരം പിതാവിന്റെ സന്നിധിയിൽ നമുക്ക് വേണ്ടി വാദിക്കുകയാണ്. പിതാവേ ഇപ്പോൾ വേണ്ട, കുറച്ചു കൂടി നോക്കിയിട്ട്, ഞാൻ തന്നെ അതിനെ പരിപാലനം ചെയ്ത് തക്ക ഫലം കായ്ക്കുവാൻ പ്രാപ്തമാക്കിക്കൊള്ളാം; മേലാൽ കായിച്ചെങ്കിലോ?

പ്രിയ ദൈവപൈതലേ, ഫലം കായ്ക്കുന്നതിന്നു വേണ്ട സാഹചര്യങ്ങളൊക്കെ ഒരുക്കി കർത്താവ് നമ്മെ നിർത്തിയിരിക്കുകയാണ്. എന്നാൽ ഫലം കായ്ക്കുക എന്ന ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമാണ്. ആ ഉത്തരവാദിത്വം ലാഘവത്തോടെയാണ നാം കാണുന്നതെങ്കിൽ 'മേലാൽ' എന്ന പദത്തിന്റെ അനിശ്ചിതത്വത്തിന്നു നമ്മുടെ ജീവിതത്തിൽ ഒരു ഉറപ്പിലേക്ക് മാറുവാൻ യാതൊരു സാധ്യതയുമില്ലാതെ വരും. അതുകൊണ്ട് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ (മത്തായി 3:8) യോഹന്നാൻ സ്നാപകൻ വിളിച്ചു പറയുന്നതു പോലെ, 'മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ.' ഈ ഫലപ്രാപ്തിക്കായി നമ്മെ തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചുകൊടുക്കാം. മേലാൽ കായ്പാൻ തക്ക വൃക്ഷങ്ങളായി നിലനിന്ന്, പിതാവിൻ സന്നിധിയിൽ തക്ക സമയത്ത് ആത്മഫലങ്ങളെ പുറപ്പെടുവിക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ നയിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**
യോഹന്നാൻ 15:16
നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു;

**ബ്രദർ. ബിനു ബേബി ആലപ്പുഴ 198**